കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്
## 2015-16
## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)2038/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ -680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി: 16.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-6, 2-8 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-8, 3-11, 3-16 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി.4)2038/2016 തിയ്യതി:16.12.2016

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 04-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11--2016 മുതൽ 17-11-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റീനാ ജോസഫ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.സുനിൽ.പി.ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷഹീർ.എസ്.<br>ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു സുരേഷ്<br>01-04-2015 മുതൽ 30.11.15 വരെ | |
| | ശ്രീ.ജോണി മണിച്ചിറ<br>01-12-2015 മുതൽ 31-03-2016 | |
| സെക്രട്ടറി | ശ്രീ.വി.കെ ശ്രീധരൻ. | 01-04-2015 മുതൽ 30-05-2015 വരെ |
| | ശ്രീ.എ.എസ്.വിജയൻ.<br>(അഡീഷണൽ ചാർജ്ജ്) | 01-06-2015 മുതൽ 23-07-2015 വരെ |
| | ശ്രീ.കെ.പി. സജീവ്. | 24-07-2015മുതൽ 28-02-2016 വരെ |
| | ശ്രീ.പി.എൻ.മനോജ്.<br>(അഡീഷണൽ ചാർജ്ജ്) | 01-03-2016 മുതൽ 31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി. വൃന്ദ.കെ. | 01.04.15 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. നിമിഷ.വി.കൃഷ്ണൻ | 01.04.15 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. സുനിൽ കുമാർ | 01.04.15 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മനോജ് കുമാർ | 01.04.15 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ധന്യ.കെ. | 01.04.15 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. മീരാ റാണി | 01-04-2015മുതൽ 20-06-2015 വരെ |
| | ഡോ. ജയമ്മ ജോസഫ്. (താത്കാലിക നിയമനം) | 20-06-2015മുതൽ 24-08-2015 F.N വരെ |
| | ഡോ. സ്റ്റീഫൻ ജോസ് (താത്കാലിക നിയമനം) | 24-08-2015 A.Nമുതൽ 02-12-2015 വരെ |
| | ഡോ. ബിജു.പി.ജി. | 03-12-2015മുതൽ 31-03-2016 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി. വിനോദിനി. | 01.04.15 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | ശ്രീ.സജി എബ്രഹാം | 01.04.15 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മിനി.പി.കെ | 01.04.15 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എ.എസ്.വിജയൻ. | 01-04-2015 മുതൽ 31-10-2015 വരെ (01.11.15 മുതൽ 10.01.16 വരെ ഒഴിവ്) |
| | ശ്രീ.പി.എൻ.മനോജ്. | 11-01-2016 മുതൽ 31-03-2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ | 01.04.15 മുതൽ 31-03-2016 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | തനത് ഫണ്ട് അടവാക്കുന്നതിന് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു. | 1-12 |
| ഭാഗം 2 | | |
| 13 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-3 |
| 16 | തൊഴിൽനികുതി അപാകതകൾ | 2-4 |
| 17 | വാണിജ്യാവശ്യത്തിനായുള്ള പുതിയ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഡിമാന്റ് നോട്ടീസ് നൽകിയില്ല | 2-5 |
| 18 | ലേലം-മൂല്യവർദ്ധിത നികുതി , ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. | 2-6 |
| 19 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല | 2-7 |
| 20 | തനത് വരുമാനത്തിൽ ഭീമമായ ഇടിവ് | 2-8 |
| ഭാഗം 3 | | |

| | | |
|---|---|---|
| 21 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിലെ അപാകതകൾ | 3-1 |
| 22 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ | 3-2 |
| 23 | ആശ്രയ പദ്ധതി | 3-3 |
| 24 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-4 |
| 25 | പദ്ധതി ചെലവ് വിശദാംശങ്ങൾ | 3-5 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-6 |
| 27 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-7 |
| 28 | ഇ-ടെണ്ടർ നടപ്പാക്കിയിട്ടില്ല | 3-8 |
| 29 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ | 3-9 |
| 30 | ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ- എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല | 3-10 |
| 31 | ടാർ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല | 3-11 |
| 32 | അധിക നിരക്ക് അനുവദിച്ചത് | 3-12 |
| 33 | റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല | 3-13 |
| 34 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചു | 3-14 |
| 35 | കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം കൂടുതൽ | 3-15 |
| 36 | പൂർണ്ണമായും ഉപയോഗ്യമാകാത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകൾ | 3-16 |
| 37 | പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത കുടിവെള്ള പദ്ധതികൾ | 3-17 |

| | | |
|---|---|---|
| 38 | വാർഷിക പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് | 3-18 |
| 39 | കുറ്റിക്കാട്ടത്തൊടി കോളനി റോഡ് അഭിവൃദ്ധിപ്പണി – അപാകതകൾ | 3-19 |
| 40 | വരൾച്ച ദുരിതാശ്വാസ പദ്ധതി-അപാകതകൾ | 3-20 |
| 41 | തനത് ഫണ്ട് പ്രോജക്ട് തയ്യാറാക്കൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-21 |
| 42 | ലൈബ്രറി സെസ്സ് -സമയബന്ധിതമായി അടവാക്കിയില്ല | 3-22 |
| 43 | കെട്ടിട തൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത്-കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 3-23 |
| 44 | കമ്പ്യൂട്ടർ ഹാർഡ് വെയർ- സോഫ്റ്റ്വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-24 |
| 45 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 3-25 |
| 46 | ഡെപ്പോസിറ്റ് വർക്ക് – പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല | 3-26 |
| 47 | അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-27 |
| 48 | സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല | 3-28 |
| 49 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-29 |
| ഭാഗം 4 | | |
| 50 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരങ്ങൾ | |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 53 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 54 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |
| 56 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 20-03-2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് ₹28,93,32,894/ (മുന്നിരുപ്പ് ഉൾപ്പെടെ)പ്രതീക്ഷിത ചെലവ് ₹28,76,12,344/- ആണ്. ബജറ്റ് അവലോകനം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം(+)/(-) |
|---|---|---|---|
| വസ്തുനികുതി | 20,00,000 | 15,49,928 | (-)4,50,072 |
| തൊഴിൽ നികുതി | 12,00,000 | 10,70,130 | (-) 1,29,870 |
| വാടക | 60,000 | 46,152 | (-)13,848 |
| ഓഡിറ്റോറിയം വാടക | 12,000 | 7,900 | (-)4,100 |
| ഡി&ഓ ലൈസൻസ് | 1,00,000 | 32,050 | (-)67,950 |
| പെർമിറ്റ് ഫീ | 2,00,000 | 128150 | (-)71,850 |

ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ സമീപനം ഉണ്ടാവേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 18/07/2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16-11-2016 | |

വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വസ്തുനികുതി ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ധനകാര്യ വർഷത്തേക്കുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല
(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹1,02,58,608/-

വരവ് - ₹4,64,96,283/-

ആകെ - ₹5,67,54,891/-

ചെലവ് - ₹5,53,04,002/-

നീക്കിയിരിപ്പ് - ₹14,50,889/-

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7,29,835 | 60,21,861 | 94,10,915 | 94,10,915 | (+)26,59,219 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 14,02,665 | 52,11,438 | 62,65,208 | 62,65,208 | (-)3,48,895 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 19,56,519 | 1,25,54,338 | 1,45,10,857 | 1,45,10,857 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 18,272 | 26,86,295 | 27,04,567 | 27,04,567 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6,50,127 | 52,46,623 | 41,34,815 | 41,34,815 | (-)17,61,935 | 0 |
| ലോക ബാങ്ക് സഹായം | 30,13,391 | 4,54,237 | 29,19,239 | 29,19,239 | (-)5,48,389 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 6,12,51,653 | 192 | 4,11,30,442 | 10 | 6 | 92.31 |

പൂർത്തിയാക്കാതെ പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40.53 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3735836 | 2297618 | (-)1438218 | (-)38.49 |
| നികുതിയേതര വരവുകൾ | 4,55,796 | 423956 | (-)31840 | (-)6.98 |
| മറ്റുവരവുകൾ | 443822 | 34695 | (-)409127 | (-)92.18 |
| ആകെ | 4635454 | 2756269 | (-)1879185 | (-)40.53 |

[നികുതിവരവുകൾ=B.T.+P.T=978700+91430+3530+813158+410800= 2297618

നികുതിയേതര വരവുകൾ=RP4+RP3+(RP5- sale of sand)+rent+D&O+rent advance(RP36)= 238345+7900+69125+20200+44458+178+43750=423956

മറ്റുവരവുകൾ=sale of sand( RP5 )+RP9=23100+11595=34695]

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,20,920 | 139 |
| കർഷകതൊഴിലാളി പെൻഷൻ | 47,89,890 | 664 |
| വിധവാപെൻഷൻ | 1,01,96,280 | 1141 |
| വാർദ്ധക്യകാലപെൻഷൻ | 78,32,220 | 1318 |
| വികലാംഗപെൻഷൻ | 23,55,880 | 308 |
| അവിവാഹിത പെൻഷൻ | 14,92,520 | 174 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹8,200/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിൻറെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. വസ്തുനികുതി ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. *ഡി*&ഓ ഡിമാന്റ് രജിസ്റ്റർ, കെട്ടിട നിർമ്മാണം പെർമിറ്റ് രജിസ്റ്റർ എന്നിവ അപൂർണമാണ്. മറ്റു രജിസ്റ്ററുകൾ ഒരുപരിധിവരെ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതകൾ തുടർന്നുള്ള ഭാഗങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുകയോ, സാംഖ്യയുമായി ലിങ്ക് ചെയ്യുകയോ ചെയ്തിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-10-2016 | 2016 സെപ്തംബർ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-06-2003 | 1997-98 മുതൽ 2002-03 | 18-08-2003 |

| | | വരെ | |
|---|---|---|---|

## 1-12 തനത്ഫണ്ട് അടവാക്കുന്നതിന് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ധനകാര്യ പത്രിക പ്രകാരം നിലവിൽ ആറ് ബാങ്ക് അക്കൗണ്ടുകളാണ് ഉള്ളത്. ആയതിൽ തനതു ഫണ്ട് തുക നിക്ഷേപിയ്ക്കുന്നത് താഴെ പറയുന്ന അക്കൗണ്ടുകളിലാണ്.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വടക്കാഞ്ചേരി ശാഖ | 67032606336 |
| 2 | കിള്ളിമംഗലം ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 104100010000001 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാഞ്ഞാൾ ശാഖ | 10536592185 |

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ തനത് ഫണ്ട് അടവാക്കുന്നതിനായി, മേൽ വിവരിച്ച പ്രകാരം മൂന്ന് ബാങ്ക് അക്കൗണ്ടുകൾ പരിപാലിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-05-2011-ലെ 58725/എഫ്.എം. നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ, മാത്രം നിക്ഷേപിക്കണം എന്നു നിർദ്ദേശമുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രം ഉപയോഗിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

2-1-1)വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന് താമസാവശ്യത്തിനാനുപാതികമായി വസ്തു നികുതി ഈടാക്കി - വരവ് നഷ്ടം ₹9344/-

താഴെ പറയുന്ന കെട്ടിട നമ്പറിലുള്ള ഫ്ലാറ്റുകൾക്ക് ആനുപാതികമായ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ | കെട്ടിട | ഉടമസ്ഥന്റെ | കെട്ടിടത്തിന്റെ | ഈടാക്കിയനികുതി | ഈടാക്കേണ്ടിയിരുന്ന | വ്യത്യാസം |
|---|---|---|---|---|---|---|

| നം. | നം. | പേര് | തറ വിസ്തീർണം (ച.മീറ്ററിൽ) | | | നികുതി | | | |
|---|---|---|---|---|---|---|---|---|---|
| | | | | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 1 | 3/ 396-A | അനിൽ കുമാർ, പുത്തൻപുരയിൽ, തൊഴുപ്പാടം | 62 | 62x5= 310 | 16 | 62x20=1240 | 62 | 930 | 46 |
| 2 | 3/ 396-B | അനിൽ കുമാർ, പുത്തൻപുരയിൽ, തൊഴുപ്പാടം | 62 | 62x5= 310 | 16 | 62x20=1240 | 62 | 930 | 46 |
| 3 | 3/ 396-C | അനിൽ കുമാർ, പുത്തൻപുരയിൽ, തൊഴുപ്പാടം | 62 | 62x5= 310 | 16 | 62x20=1240 | 62 | 930 | 46 |
| 4 | 3/ 396-D | അനിൽ കുമാർ, പുത്തൻപുരയിൽ, തൊഴുപ്പാടം | 62 | 62x5= 310 | 16 | 62x20=1240 | 62 | 930 | 46 |
| 5 | 8/ 183-B | രേണുക, പൂകുളങ്ങര വടക്കേതിൽ വീട്, കിള്ളിമംഗലം | 72 | 72x5+20% വർദ്ധന= 432 | 22 | 72x20+20% വർദ്ധന= 1728 | 86 | 1296 | 64 |
| 6 | 8/ 183-C | രേണുക, പൂകുളങ്ങര വടക്കേതിൽ വീട്, കിള്ളിമംഗലം | 72 | 72x5+20% വർദ്ധന= 432 | 22 | 72x20+20% വർദ്ധന= 1728 | 86 | 1296 | 64 |
| 7 | 8/ 183-D | രേണുക, പൂകുളങ്ങര വടക്കേതിൽ വീട്, കിള്ളിമംഗലം | 72 | 72x5+20% വർദ്ധന= 432 | 22 | 72x20+20% വർദ്ധന= 1728 | 86 | 1296 | 64 |
| 8 | 8/183-E | രേണുക, പൂകുളങ്ങര വടക്കേതിൽ വീട്, കിള്ളിമംഗലം | 72 | 72x5+20% വർദ്ധന= 432 | 22 | 72x20+20% വർദ്ധന= 1728 | 86 | 1296 | 64 |
| ആകെ വ്യത്യാസം | | | | | | | | 8904 | 440 |

2-1-2) താഴെ പറയുന്ന കെട്ടിടത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല- വരവ് നഷ്ടം ₹1283/-

| കെട്ടിട | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ | ഈടാക്കേണ്ട | റിമാർക്ക്സ് |
|---|---|---|---|---|

| നം. | | തറ വിസ്തീർണം (ച.മീറ്ററിൽ) | നികുതി | | |
|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് | |
| 1/252-B | ഇന്ദിരാദേവി, തെക്കേതോട്ടത്തിൽ വീട്, പൈങ്കുളം | 61.12 | 61.12x20= 1222 | 61 | ശ്രീമതി ഇന്ദിരാദേവിയുടെ ഉടമസ്ഥതയിലുള്ള രണ്ടാമത്തെ കെട്ടിടമായതിനാൽ (സർവേ നമ്പർ 57/1, പൈങ്കുളം വില്ലേജ്) താമസാവശ്യത്തിനാനുപാതികമായ വസ്തു നികുതിക്ക് അർഹതയില്ല. |

മേൽ പറഞ്ഞതിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ ആകെ നഷ്ടം,₹10627 ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2-1-3)മൊബൈൽ/ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വരുന്ന മൊബൈൽ/ടെലഫോൺ ടവറുകളുടെ 2015-16 ലെ വസ്തു നികുതി ഈടാക്കുകയോ,ഈടാക്കുന്നതിന് അവശ്യമായ നടപടികൾ (ഡിമാന്റ് നോട്ടീസ് അയയ്ക്കുക മുതലായവ)സ്വീകരിയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

2011ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 14പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുത്ത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിടനിർമ്മാണ രജിസ്റ്ററിൽ എല്ലാ അപേക്ഷകളിലും എപ്രകാരമുള്ള വാസസ്ഥലം , വാണിജ്യാവശ്യം, നിലം, ഫ്ലോർ ഏരിയ,അപേക്ഷാ ഫീ എന്നിവയും പെർമിറ്റ് നിരസിച്ചതിന്റെ വിവരം കെട്ടിടനമ്പർ നൽകിയത് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും ചേർത്ത് പൂർണ്ണമാക്കേണ്ടതാണ്.

## 2-3 ഡി & ഓ ലൈസൻസ് അപാകതകൾ

I) ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതി, മെഷിനറി ഫീസ്, ബിലേറ്റഡ് ഫീ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

II) ഡി&ഓ ലൈസൻസ് അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സെക്രട്ടറി അംഗീകരിച്ച്/നിരാകരിച്ച് ഒപ്പ് വെച്ചിട്ടില്ല.

III) ത.സ്വ.ഭ.വകുപ്പിന്റെ 10-01-2013ലെ 66562/RC3/12/LSGD നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ ഡി&ഓ അപേക്ഷകളും, ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിക്കേണ്ടതും, ആയതു പ്രകാരമുള്ള സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

IV) താഴെ പറയുന്ന ലൈസൻസ് ഫീ ഈടാക്കിയ അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതായി അറിയിച്ച്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്. ആയതിൽ സ്വീകരിച്ചിട്ടുള്ള മേൽ നടപടികളും, മേൽ അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി(ട്രെഡേഴ്സ്), മെഷിനറി ഫീ(ഉണ്ടെങ്കിൽ), ബിലേറ്റഡ് ഫീ(ഉണ്ടെങ്കിൽ) എന്നിവ ഈടാക്കിയതിന്റെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. 5, 11, 30, 39, 44, 75, 86, 94, 107, 126, 128, 130, 136, 141, 162, 163.

V) 28.01.2016 ലെ കമ്മറ്റി തീരുമാനം നം. 3(5) അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിക്കാനും തൊഴിൽ കരം ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്, എന്നാൽ 2015-16 ലെ ഡി&ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിച്ചതായോ തൊഴിൽ കരം ഈടാക്കിയതായോ കാണുന്നില്ല. ആയതിനുള്ള മേൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

2-4-1) ഫെഡറൽ ബാങ്ക് ജീവനക്കാരുടെ 2015-16 ലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസിൽ മാനേജർ & ബ്രാഞ്ച് ഹെഡ് (നിധിൻ.കെ) ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ ശ്രീ.നിധിനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2-4-2) കിള്ളിമംഗലം എഫ്.എസ്.സി.ബി. ഗ്രൂപ്പ് അസി.ഡയറക്ടറിൽ നിന്നും 2015-16 ലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2-4-3) താഴെ പറയുന്ന ഓഫീസിലെ ജീവനക്കാരിൽ നിന്നും 2015-16 ലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

i) തൊഴുപ്പാടം ബ്രാഞ്ച് പോസ്റ്റ് ഓഫീസ്

ii) പാഞ്ഞാൾ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്

2-4-4) പഞ്ചായത്തിൽ നിന്നും ഡി&ഓ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഡി&ഓ ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 12/15-16 | ഡിസൈൻ എഡ്ജ് കോൺക്രീറ്റ് പ്രൊഡക്ട്സ്, പൈങ്കുളം. |
| 2 | 18/15-16 | മേപ്പുള്ളി സിമെന്റ് പ്രൊഡക്ട്സ്, പൈങ്കുളം |
| 3 | 20/15-16 | ശക്തി സിറാമിക്സ് & ക്ലേ പ്രൊഡക്ട്സ്, പൈങ്കുളം |
| 4 | 52/15-16 | ശക്തി ഗ്രാനൈറ്റ്സ്, കിള്ളിമംഗലം |
| 5 | 67/15-16 | സ്റ്റാർ ഇൻഡസ്ട്രീസ്, പൈങ്കുളം |
| 6 | 68/15-16 | പാക്കിംഗ് കെയ്സ്, തൊഴുപ്പാടം |
| 7 | 69/15-16 | എസ്&എസ് എഞ്ചിനീയറിംഗ് ബ്രിക്സ്, പൈങ്കുളം |
| 8 | 116/15-16 | ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ് & ബിൽഡിംഗ് മെറ്റീരിയൽസ്, പൈങ്കുളം |

| | | |
|---|---|---|
| 9 | 117/15-16 | ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ് & ബിൽഡിംഗ് മെറ്റീരിയൽസ്, പൈങ്കുളം |
| 10 | 133/15-16 | എ.കെ.ഹോളോബ്രിക്സ് & ഇന്റർലോക്ക്, കിള്ളിമംഗലം |
| 11 | 158/15-16 | മിസ്റ്റർ കൂൾ എന്റർപ്രൈസസ്, പള്ളം |
| 10 | 164/15-16 | അമ്പാടി ഹോളോബ്രിക്സ്, കിള്ളിമംഗലം |

2-4-5) തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളിലെ (പ്രത്യേകിച്ച് സർക്കാർ സ്ഥാപനങ്ങളുടെ) അനുവദിച്ചിട്ടുള്ള തസ്തികൾക്ക് അനുസരിച്ച് തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-4-6) കേ.പ.രാജ് തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങളനുസരിച്ച് സ്വയം തൊഴിൽ ചെയ്യുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതുപ്രകാരം താഴെ പറയുന്ന സ്ഥപനങ്ങളിൽ നിന്നും സ്ഥാപന/വ്യക്തിഗത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

i) ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

ii) റേഷൻ കടകൾ

iii) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ വിദഗ്ധർ

iv) കല്യാണ മണ്ഡപങ്ങൾ / ഹാളുകൾ

## 2-5 വാണിജ്യാവശ്യത്തിനായുള്ള പുതിയ കെട്ടിടങ്ങൾക്ക് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയില്ല

2-5-1)2015-16 വർഷത്തിൽ വാണിജ്യാവശ്യത്തിനു നികുതി നിർണ്ണയം നടത്തിയ 76 കെട്ടിടങ്ങളിൽ, തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205(ബി) , 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം13എന്നിവ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ല. മേൽ നിയമം, ചട്ടം എന്നിവ പ്രകാരം കെട്ടിടങ്ങളുടെ ഉടമസ്ഥരോടോ കൈവശക്കാരോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുന്നതിനുവേണ്ടി നോട്ടീസു മുഖേന ആവശ്യപ്പെടേണ്ടതും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2-5-2)2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത 285സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10,13 എന്നിവ പ്രകാരം നോട്ടീസ് ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല. നോട്ടീസ് നൽകി നികുതിക്കു വിധേയരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ലേലം - മൂല്യ വർദ്ധിത നികുതി, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

താഴെ പറയുന്ന ലേലങ്ങളിൽ ലേല തുകയ്ക്ക് അനുസരിച്ചുള്ള മൂല്യ വർദ്ധിത നികുതി (14.5%), കേരള ഫോറസ്റ്റ് ആക്ട്, ചാപ്റ്റർ XA അനുസരിച്ചുള്ള ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (5%) എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

| ക്രമ നം. | ലേല വസ്തു | ലേല തീയതി | ലേലം സ്ഥിരപ്പെടുത്തിയ ആളുടെ പേര് | ലേലം ഉറപ്പിച്ച തുക | സോഷ്യൽ ഫോറസ്ട്രി അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി (ഉണ്ട്/ഇല്ല) | ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ട നികുതി തുക | |
|---|---|---|---|---|---|---|---|
| | | | | | | മൂല്യ വർദ്ധിത നികുതി (14.5%) | ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (5%) |
| 1 | ചേരക്കുളത്തിനടുത്ത് വീണുകിടക്കുന്ന തേക്ക് മരം (പുനർ ലേലം) | 22.4.15 | എ.കെ.സെയ്തലവി, ആലുക്കപീടികയിൽ, കിള്ളിമംഗലം | 5100 | ഉണ്ട് | 740 | 255 |
| 2 | കീഴില്ലം സ്കൂൾ കോമ്പൗണ്ടിൽ വീണ് കിടക്കുന്ന തേക്ക് മരം (പുനർ ലേലം) | 22.4.15 | എ.എം.മുഹമ്മദ്, ആലുക്കപീടികയിൽ, കിള്ളിമംഗലം | 15100 | ഇല്ല | 2190 | 755 |
| 3 | പാറപ്പുറം അംഗൻവാടി കോമ്പൗണ്ടിലെ പ്ലാവ് മരം | 24.11.15 | എ.കെ.സെയ്തലവി, ആലുക്കപീടികയിൽ, കിള്ളിമംഗലം | 17000 | ഉണ്ട് | 2465 | 850 |
| 4 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ മുറിച്ച് അട്ടിയിട്ടിരിക്കുന്ന മാവ്,കഴനി മരക്കഷണങ്ങൾ, ചുണ്ടക്കാട് കോളനി തൊഴിൽ പരിശീലന കേന്ദ്രം വളപ്പിൽ അട്ടിയിട്ടിരിക്കുന്ന മാവ്,തെങ്ങിൻ മരക്കഷണങ്ങൾ എന്നിവ | 27.10.15 | എ.കെ.സെയ്തലവി, ആലുക്കപീടികയിൽ, കിള്ളിമംഗലം | 11500 | ഇല്ല | 1668 | 575 |
| ആകെ നികുതി തുക | | | | | | 7063 | 2435 |

മേൽ നികുതികൾ ഈടാക്കി സർക്കാരിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

മേൽ പട്ടികയിൽ ക്രമ നം. 2, 4 എന്നിവയ്ക്ക് ജി.ഓ.(ആർ.ടി) നം. 68/10/ എഫ് & ഡബ്യൂ.എൽ.ഡി പ്രകാരമുള്ള സോഷ്യൽ ഫോറസ്ട്രി അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി, വാല്യൂവേഷൻ സ്റ്റേറ്റ്മെന്റ്

എന്നിവ ലഭിച്ചിട്ടില്ല. ഭാവിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മരങ്ങൾ ലേലം ചെയ്യുമ്പോൾ ജി.ഓ.(ആർ.ടി)നം.68/10/എഫ്& ഡബ്യൂ.എൽ.ഡി., തീയതി : 10.02.2010 ലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

25.02.2016 ലെ കമ്മറ്റി തീരുമാനം നം. 6(11) അനുസരിച്ച് റൂമുകൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് ബൈലോ തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 2-8 തനത് വരുമാനത്തിൽ ഭീമമായ ഇടിവ്

മുൻ വർഷത്തെ അപേക്ഷിച്ച് 2015-16ൽ തനത് വരുമാനത്തിൽ 40.53 ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്(ഖണ്ഡിക:1-7). ഗ്രാമപഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്ന മണൽ വിൽപ്പനയിൽ നിന്നുള്ള വരുമാനം നിലച്ചതാണിതിനു കാരണം. എന്നാൽ നികുതി പിരിച്ചെടുക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി കാണുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ ₹12,63,649/-യുടെ കുടിശികയുള്ളതാണ്. കുടിശിക നിവാരണത്തിന് അടിയന്തര പ്രാധാന്യം നല്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ

3-1-1)നീതിസ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയതിൽ സർക്കാർ ഉത്തരവുകളുടെ ലംഘനം

G.O.(MS)71/2008/LSGD തിയ്യതി:27-02-2006, പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ G.O.(MS)362/2013/LSGD തിയ്യതി:16-11-2013 അനുബന്ധം 16 ഖണ്ഡിക 7-4 എന്നിവ പ്രകാരം അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ മാത്രമാണ് നീതിസ്റ്റോറുകളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലുള്ളതിനേക്കാൾ അധികരിയ്ക്കാത്ത വിലയ്ക്ക് പദ്ധതി പണം ഉപയോഗപ്പെടുത്തി വാങ്ങുന്നതിന് അനുമതിയുള്ളത്.

എന്നാൽ താഴെ പറയുന്ന പദ്ധതി പ്രകാരം നീതിസ്റ്റോറിൽ നിന്നും മരുന്നുകൾവാങ്ങിയതിൽ,മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതാണ്.

| പ്രോജക്ട് നമ്പർ 138/2016, പി.എച്ച്.സി യിലേയ്ക്ക് മരുന്നു വാങ്ങൽ | |
|---|---|
| നീതി മെഡിക്കൽ സ്റ്റോർ ഫാർമസ്യൂട്ടിക്കൽ ഹോൾസെയിൽസ്, കണ്ടുക്കാട് , തൃശ്ശൂരിന്റെ ബിൽ നമ്പർ | തുക |
| 419/30-07-2015 | 98751 |
| 435/ | 80379 |
| 505/ 13-01-2016 | 20870 |

| പ്രോജക്ട് നമ്പർ 133/2016, സാന്ത്വന പരിചരണം | |
|---|---|
| 427/ | 98748 |
| 556/ 04-03-2016 | 16891 |
| 592/15-03-16 | 4461 |
| ആകെ | 3,20,100 |

മേൽ പറഞ്ഞ പ്രകാരം ₹3,20,000/- രൂപയുടെ മരുന്നുകൾ വാങ്ങിയതിൽ എല്ലാംതന്നെ അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ തന്നെയാണോ എന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് 'പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് അത്യാവശ്യമുള്ള മരുന്നുകളാണ് നീതിസ്റ്റോറിൽ നിന്നും വാങ്ങിയത് 'എന്ന മറുപടിയാണ് അറിയിച്ചത്,എന്നാൽ മേൽ തുകയ്ക്കുള്ള മരുന്നുകളെല്ലാം തന്നെ സർക്കാർ അംഗീകരിച്ച , പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് വേണ്ടതായ അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ തന്നെയാണെന്ന് കാണിയ്ക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ പറഞ്ഞ പ്രകാരം വാങ്ങിയ RANDRUFF SHAMPOO(Bill No.435), WAX CARE E/D (Bill No.419/30-07-2015) തുടങ്ങിയവ അത്യാവശ്യമുള്ള മരുന്നുപട്ടികയിൽ ഉൾപ്പെടുന്നവയാണോ എന്ന് പ്രഥമദൃഷ്ട്യാ സംശയം ജനിപ്പിക്കുന്നവയുമാണ്.ആയതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ₹3,20,000/- രൂപയുടെ മരുന്നുകൾ എല്ലാം തന്നെ അത്യാവശ്യമുള്ള മരുന്നുപട്ടികയിൽ ഉൾപ്പെടുന്നവയാണോ എന്ന് ഉറപ്പുവരുത്തുന്നതിന് ഓഡിറ്റിനായിട്ടില്ല.മാത്രമല്ല ഇത്തരത്തിൽ മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കണമെന്ന മേൽ പറഞ്ഞ ഒന്നാമത്തെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചതായി കാണിയ്ക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയതുമില്ല. മേൽ പറഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ എടുത്താതായുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും, ആയത് രോഗികൾക്ക് വിതരണം ചെയ്തത് രേഖപ്പെടുത്തുന്നതായ സബ്ബ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എഴുതി പൂർത്തികരിച്ചിട്ടില്ലാത്തതുമാണ്.

നീതിസ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതും,മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്ന രേഖകൾ ശരിയായ വിധത്തിൽ എഴുതി പരിപാലിയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.മേൽ രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ പ്രകാരം ₹3,20,000/- രൂപയുടെ മരുന്നുകൾ വാങ്ങിയതിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-1-2)സാന്ത്വന പരിചരണം, ഹോംകെയർ ഇല്ലാത്ത ദിനത്തിൽ, ഹോംകെയറിനായി വാഹനം വാടകയ്ക്കെടുത്തതായി കാണിച്ച് അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

പ്രോജക്ട് നമ്പർ:-133/2016

പരിരക്ഷ – സാന്ത്വന പരിചരണം

സാന്ത്വന പരിചരണംപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിച്ച ₹8486 നിന്നും, പ്രസ്തുത പദ്ധതിയുടെ, ഹോംകെയർ നടത്തിപ്പിനായി വാഹനം വാടകയ്ക്കെടുത്തയിനത്തിൽ 15-01-2016ന് ശ്രീമതി.പി.ബി. സാവിത്രിയുടെ 15-01-2016ലെ വൗച്ചറിന്റെ അടിസ്ഥാനത്തിൽ ₹1000/- അനുവദിച്ചതായി കാണുന്നു. എന്നാൽ ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ 15-01-2016 തിയ്യതിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിട്ടില്ലാത്തതാണ്.

ആയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി,മേൽ പറഞ്ഞ ദിവസം, ചേലക്കരയിൽ വെച്ചുനടത്തിയ റീഹാബിലിറ്റേഷൻ പരിശീലന പരിപാടിയിൽ , പാലീയേറ്റീവ് കെയർ പരിചരണ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുതവരെ കൊണ്ടുപോകുന്നതിനായാണ്, മേൽ പറഞ്ഞ വാഹനം ഉപയോഗപ്പെടുത്തിയത് എന്നതാണ്. എന്നാൽ ശ്രീമതി.പി.ബി. സാവിത്രിയുടെ 15-01-2016ലെ വൗച്ചറിനോടൊപ്പം സമർപ്പിച്ചിരിയ്ക്കുന്ന ട്രിപ്പ് ഷീറ്റിൽ വാഹനം സഞ്ചരിച്ച കിലോമീറ്ററോ, സ്ഥലമോ

രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്, മാത്രമല്ല പാലീയേറ്റീവ് കെയർ പരിചരണത്തിന്റെ ഹോംകെയറിനായി വാഹനം വാടകയ്ക്കെടുക്കുന്നതിന് ഒരു ദിവസത്തെ വാടകയായാണ് ₹1000/- അനുവദിയ്ക്കാവുന്നത്, മേൽ സാഹചര്യത്തിൽ,15-01-2016ന് ശ്രീമതി.പി.ബി. സാവിത്രിയുടെ 15-01-2016ലെ വൗച്ചറിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച,₹1000/- ചെലവ് ഓഡിറ്റ് നിരാകരിയ്ക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ:7 തിയ്യതി:10-11-2016).

# 3-2 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ

3-2-1 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗനവാടികൾ പ്രവർത്തിയ്ക്കുന്നു

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം പഞ്ചായത്ത് അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച്, എല്ലാ വർഷവും മെയ്-10നകം ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് അനുവദിയ്ക്കണമെന്ന് വ്യവസ്ഥയുള്ളതാണ്. എന്നാൽ ആയതു സംബന്ധിച്ച സാക്ഷ്യപ്പത്രം ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്. ആയതു പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗനവാടികൾ പ്രവർത്തിയ്ക്കുന്നതിനുള്ള സാഹചര്യം ഉള്ളതായി കാണുന്നു. മേൽ സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-2-2 പോഷകാഹാര പരിപാടിയുടെ നടത്തിപ്പിനായി, നീതി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

അനുപൂരക പോഷകാഹാര പരിപാടി.

പ്രോജക്ട് നമ്പർ:-75/2016

പ്രോജക്ട് നമ്പർ:-102/2016

പ്രോജക്ട് നമ്പർ:-157/2016

കേന്ദ്രവിഹിതം:-₹3,56,528/-

മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം 2015-16 വർഷത്തിൽ,പോഷകാഹാര പരിപാടിയുടെ നടത്തിപ്പിനായി, നീതി സ്റ്റോർ കിളിമംഗലത്തിൽ നിന്നും ആകെ ₹6,02,236/-യുടെ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുള്ളതാണ്, ഇപ്രകാരം ഭക്ഷ്യ വസ്തുക്കൾ വാങ്ങിയപ്പോൾ, 18/11/2010 തിയ്യതിലെ 62393/ഡി.ബി.2/10/ ത.സ്വ.ഭ.വ സർക്കുലറിലെ, ഭക്ഷ്യ വസ്തുക്കൾക്ക് സപ്ലൈക്കോ നിരക്കിൽ അധികരിയ്ക്കാൻ പാടില്ല എന്ന വ്യവസ്ഥ പാലിയ്ക്കപ്പെട്ടില്ല. മേൽ കാലയളവിൽ ചെറുപയർ, മുതലായ സാധനങ്ങൾ സപ്ലൈകോ വിലയേക്കാൾ ഉയർന്ന വിലയ്ക്കാണ് നീതി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുള്ളത്.

| മാസം | ചെറുപയർ കി.ഗ്രാം. | |
|---|---|---|
| | സപ്ലൈക്കോ നിരക്ക് (രൂപ) | നീതി സ്റ്റോർ നിരക്ക് (രൂപ) |
| മെയ്-2015 | 97 | 115 |
| ആഗസ്റ്റ്-2015 | 80 | 115 |
| നവംബർ-2015 | 102 | 115 |

| | | |
|---|---|---|
| ഡിസംബർ-2015 | 102 | 120 |

ഈകാലയളവിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പാലിച്ചിട്ടുള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ സർക്കാർ ഉത്തരവ് കർശനമായും പാലിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് 14-06-2016ന് സാമൂഹ്യനീതി ഡയറക്ടർ ICDS B3/5009/2016 നമ്പർ പ്രകാരം വീണ്ടും കത്തയച്ചിട്ടും, ഇപ്പോഴും പാഞ്ഞാൾ പഞ്ചായത്തിൽ, സപ്ലൈകോയിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങാതെ മേൽ പറഞ്ഞ പ്രകാരം കൂടിയ നിരക്കിൽ നീതി സ്റ്റോറിൽ നിന്നും വാങ്ങിവരുന്ന സ്ഥിതി നിലനില്ക്കുന്നതായി അറിയുന്നു. ആയത് സർക്കാർ ഉത്തരവുകളുടെ നഗ്നമായ ലംഘനമാണ്.

3-2-3 ഭക്ഷ്യ വസ്തുക്കൾ അംഗനവാടികളിൽ എത്തിച്ചതിന് വണ്ടി വാടക – കരാർ ഇല്ലാതെ തുക അനുവദിച്ചു

ജി.ഓ.(ആർ.ടി)235/2013 ത.സ്വ.ഭ.വ. തിയ്യതി:30-01-2013 പ്രകാരം ഭക്ഷണസാധനങ്ങളുടെ ട്രാൻസ്പോർട്ടേഷന് ഒരുകിലോയ്ക്ക് 50 പൈസ നിരക്ക് നിശ്ചയിച്ചിട്ടുള്ളതും, ആയത് സാധ്യമല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളെ ഭക്ഷ്യ വസ്തുക്കൾ അംഗനവാടികളിൽ എത്തിയ്ക്കുന്ന ചുമതല ഏൽപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം 2015-16 വർഷത്തിൽ,പോഷകാഹാര പരിപാടിയുടെ നടത്തിപ്പിനായി, ഭക്ഷ്യ വസ്തുക്കൾ അംഗനവാടികളിൽ എത്തിച്ചതിന് വണ്ടി വാടകയിനത്തിൽ, കിലോഗ്രാമിന് ₹1-70/- നിരക്കിൽ ആകെ ₹20,459/-രൂപ അനുവദിച്ചിട്ടുണ്ട്, ഈകാലയളവിലേയ്ക്ക് മേൽ പറഞ്ഞ പ്രകാരം തുക അനുവദിച്ചതിന് ക്വട്ടേഷൻ അംഗീകരിച്ചതിന്റെയും,കരാർ ചമച്ചതിന്റെയും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ് . മറുപടിയുടെ അഭാവത്തിൽ ഇതുസംബന്ധിച്ച ₹20,459/-ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ തിയ്യതി | വണ്ടി വാടകയായി അനുവദിച്ച തുക | ഡി.ഡി. നമ്പർ |
|---|---|---|---|
| 1 | 1/2015-16 തിയ്യതി:05-08-15 | 4420 | 650434 തിയ്യതി:05-08-15 |
| 2 | 2/2015-16 തിയ്യതി:30-09-15 | 3,349 | 650977 തിയ്യതി:30-09-15 |
| 3 | 4/2015-16 തിയ്യതി:09-11-15 | 788 | പണമായി |
| 4 | 5/2015-16 തിയ്യതി:30-01-16 | 4,887 | 6503172 തിയ്യതി:03-02-16 |
| 5 | 6/2015-16 തിയ്യതി:28-03-16 | 4,465 | 6504900 തിയ്യതി:31-03-16 |
| 6 | കേന്ദ്ര വിഹിതം ചെക്ക് നമ്പർ:830055 തിയ്യതി:03-08-15 | 2,550 | പണമായി |

| | |
|---|---|
| ആകെ | 20,459 |

(ഓഡിറ്റ് എൻക്വയറി നമ്പർ:8,തിയ്യതി:10-11-2016)

## 3-3 ആശ്രയ പദ്ധതി

പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിലെആശ്രയ പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെചേർക്കുന്നു

| ക്രമ നം. | ഇനം | 1st പ്രോജക്റ്റ് | 2nd പ്രോജക്റ്റ് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിതിയിലുള്ള ആശ്രയ കുടുംബങ്ങൾ | 112 | 86 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 112 | 86 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 11 | 8 |
| 4 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 23 | 31 |
| 6 | നാളിതുവരെ ലഭിച്ചവർ | 20 | ഇല്ല |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 21 | 28 |
| 8 | നാളിതുവരെ ലഭിച്ചവർ | 7 | ഇല്ല |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 30 | 6 |
| 10 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | ഇല്ല | 5 |
| 12 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | ഇല്ല | ഇല്ല |
| 14 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 15 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 60 | 93 |

| | | | |
|---|---|---|---|
| 16 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | 60 | 86 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | 56,85,933 | 6,33,333 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | 37,83,557 | 99,354 |
| 19 | നീക്കിയിരിപ്പ് | 19,02,376 | 5,33,979 |
| 20 | ചെലവ് ശതമാനം | 66 | 15.66 |

മേൽ പറഞ്ഞതിൽ നിന്നും,പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വളരെ പിന്നിലാണെന്ന് കാണാവുന്നതാണ്, പദ്ധതിയുടെ പൂർത്തീകരണത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും ആശ്രയ അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുക വിനിയോഗിക്കാതിരിക്കുന്നത് ക്രമവിരുദ്ധമാണ്.

## 3-4 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പഞ്ചായത്തിന്റെ കെട്ടിടനിർമ്മാണ അനുമതിയില്ലാതെ ഭവന നിർമ്മാണം നടത്തിയതിന് സാമ്പത്തിക സഹായം അനുവദിച്ചു

പ്രോജക്ട് നമ്പർ:68/2016 ഭവന നിർമ്മാണം ജനറൽ

പ്രോജക്ട് പ്രകാരം ധനസഹായം അനുവദിച്ചിരിക്കുന്ന ശ്രീമതി.സരിത w/o.ഗിരീഷ് കുമാർ കോക്കുംചേരി, തൊഴപ്പാടം എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന വില്ലേജ് ഓഫീസർ നല്കിയ കൈവശാവകാശ സാക്ഷ്യപത്രത്തിൽ, ഇവരുടെ ഭൂമി,(സർവ്വേ നമ്പർ:938/6, പൈങ്കുളം വില്ലേജ്) “നിലം"/”wet land” എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അയതിനാൽ ഇവർക്ക് നിലം നികത്തുന്നതിനായി അനുവദിച്ച അനുമതിപ്പത്രം അല്ലെങ്കിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച കെട്ടിട്ട നിർമ്മാണ പെർമ്മിറ്റ്/N.O.C. പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിയ്ക്ക്,ടിയാരി നിലം നികത്തുന്നതിന് അനുമതിയ്ക്കായി, നിലം കമ്മറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന മറുപടിയാണ് നല്കിയത്, പഞ്ചായത്തിൽനിന്നും അനുവദിച്ച N.O.C. പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. ശ്രീമതി.സരിതയ്ക്ക് പദ്ധതി പ്രകാരം രണ്ടു തവണകളിലായി,₹40,000/- (ഡി.ഡി.നമ്പർ:653324/17-02-16 & 653683/01-03-16) ഓഡിറ്റ് വർഷത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ N.O.C. ഇല്ലാത്തിടത്ത് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് ചട്ടവിരുദ്ധമാണ്. പഞ്ചായത്തിൽനിന്നും അനുവദിച്ച N.O.C.യുടെ അഭാവത്തിൽ, ശ്രീമതി.സരിതയ്ക്ക് പദ്ധതി പ്രകാരം രണ്ടു തവണകളിലായി, അനുവദിച്ച,₹40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ:10തിയ്യതി:14-11-2016).

## 3-5 പദ്ധതി ചെലവ് വിശദാംശങ്ങൾ

2015-16 വർഷം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് | ചെലവ് |
|---|---|---|---|---|

| | | | | ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 97,17,835 | 94,10,915 | 97 |
| 2 | പ്ലാൻ ഫണ്ട് SCP | 78,22,717 | 62,65,208 | 80 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 52,21,127 | 41,34,815 | 79 |
| 4 | ലോകബാങ്ക് ധനസഹായം | 30,13,391 | 29,19,239 | 97 |
| 5 | പ്ലാൻ ഫണ്ട് TSP | - | - | - |
| 6 | കേന്ദ്രധനസഹായം | - | - | - |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 27,10,272 | 27,04,567 | 99 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,51,02,519 | 1,45,10,857 | 96 |
| 9 | തനത് ഫണ്ട് | 1,36,02,918 | 11,66,266 | 8.6 |
| 10 | ബ്ളോക്ക് വിഹിതം | - | - | - |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | - | - | - |

ലഭ്യമായ ഫണ്ട് ഇനത്തിൽ ഒന്നു പോലും 100 ശതമാനം ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിച്ച് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം പഞ്ചായത്ത് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

## 3-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

06.08.2012 ലെ സ.ഉ.(കൈ)നം.212/2012/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തി വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്താൻ നിർദേശിച്ചിരുന്നു. 15.02.2013ലെ സ.ഉ.(സാധാ)നം.423/2013/തസ്വഭവ, 18.07.2013 ലെ സ.ഉ.(കൈ)നം.255/2013/ത.സ്വ.ഭ.വ എന്നിവ പ്രകാരം ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2010മുതൽ ആർജ്ജിച്ച റോഡ്, ഭൂമി, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ തുടങ്ങി എല്ലാ ആസ്തികളുടേയും വിശദവിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ യഥാസമയം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|

| | വകയിരുത്തിയത് | | |
|---|---|---|---|
| പ്രോജക്ട് | 146 | 118 | 81 |
| തുക | 3,19,03,446 | 2,42,23,279 | 76 |
| തനത്ഫണ്ട് തുക | 74,37,401 | 6,53,359 | 8.78 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 81% പ്രൊജക്ടുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 76% തുക ചെലവഴിക്കാനും മാത്രമേ സാധിച്ചിട്ടുള്ളൂ. തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയിൽ 8.78% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രൊജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പു വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രൊജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഇ-ടെൻഡർ നടപ്പാക്കിയിട്ടില്ല – വിശദീകരണം നൽകേണ്ടതാണ്

2015-16 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സർക്കാർ ഉത്തരവ് (സാധാ) നമ്പർ 53/2015/തസ്വഭവ, തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും പൂർണ്ണമായും ഗുണഭോക്തൃ കമ്മിറ്റികൾ വഴിയാണ് പ്രോജക്ടുകൾ നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 12എണ്ണം അടങ്കൽ തുക 4,90,000 രൂപയും 2 എണ്ണം അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്. ഒരു പ്രവൃത്തി പോലും ഇ ടെണ്ടർ മുഖേന നടപ്പാക്കിയിട്ടില്ല എന്ന് കാണാവുന്നതാണ്. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നമ്പർ 1288/2015/തസ്വഭവ, തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ. എസ്. ജി. ഡി. ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

അടങ്കൽ തുക 4,90,000 രൂപയും അതിന് മുകളിലുള്ളവയുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു. ഇതിൽ പല പ്രവൃത്തികളും ഒന്നായി ചെയ്യുന്നതിന് പകരമായി അടങ്കൽ തുക വിഭജിച്ച് ചെറിയ വർക്കുകളായി ചെയ്തിരിക്കുന്നത് കാണാവുന്നതാണ്.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ട് | ചെയ്ത പ്രവർത്തി |
|---|---|---|---|---|---|
| 1 | പുളിഞ്ചോട് നായ്ക്കൻ തെരുവ് റോഡ്റീടാറിംഗ് (16/16) | 490000 | 490000 | MG | 352മീറ്റർ നീളം റീടാറിംഗ്, |
| 2 | ശ്രീപുഷ്ക്കരം റോഡ് അറ്റകുറ്റപ്പണികളും റീടാറിംഗും (24/16) | 490000 | 490000 | MG | 303മീറ്റർ നീളം റീടാറിംഗ്, |
| 3 | പാഞ്ഞാൾ | 490000 | 440000 | MG- 440000 | റീടാറിംഗ് |

| | | | | | |
|---|---|---|---|---|---|
| | റോഡ്റീടാറിംഗ് (25/16) | | | തനത് - 50000 | |
| 4 | കീഴില്ലം അമ്പലനട ഭട്ടതിരിമന റോഡ് അഭിവൃദ്ധിപ്പണി (30/16) | 490000 | 400000 | MG- 400000 തനത് - 90000 | 331മീറ്റർ നീളം റീടാറിംഗ്, |
| 5 | മുസ്ലിയാർ മണലാടി റോഡ് അഭിവൃദ്ധിപ്പണി (78/16) | 490000 | - | MG- 390000 തനത് - 100000 | - |
| 6 | അയ്യപ്പൻകാവ് തീരദേശറോഡ് റീടാറിംഗ് (86/16) | 490000 | 490000 | MG | 100 മീറ്റർ നീളം ടാറിംഗ് 263മീറ്റർ നീളം റീടാറിംഗ്, കൾവെർട്ട് |
| 7 | പുന്നത്തടം കോളനിറോഡ് മെറ്റലിംഗ് (91/16) | 490000 | 490000 | വികസനഫണ്ട് SCP | 360 മീറ്റർ നീളം മെറ്റലിംഗ്, 203മീറ്റർ നീളം ടാറിംഗ് |
| 8 | അയ്യഴിപാടശേഖരം ഫാം റോഡ് (93/16) | 490000 | 490000 | വികസനഫണ്ട് ജനറൽ | |
| 9 | പൈങ്കുളം UP സ്കൂൾ മെയിന്റനൻസ് (113/16) | 490000 | 486925 | MG nonroad | |
| 10 | ഓട്ടുപാറക്കുന്ന് കോളനി കുടിവെള്ളപദ്ധതി (116/16) | 490000 | 390000 | വികസനഫണ്ട് SCP -390000 തനത് - 100000 | പൈപ്പുകൾ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ |
| 11 | മണലാടി കാട്ടിൽകാവ് റോഡ് റീടാറിംഗ് (172/16) | 490000 | 472000 | MG- 472000 തനത് -18000 | 380മീറ്റർ നീളം റീടാറിംഗ് |
| 12 | 14-ാം വാർഡ് പാഞ്ഞാൾ റോഡ് റീടാറിംഗും അറ്റകുറ്റപ്പണികളും (173/16) | 490000 | 400000 | MG- 400000 തനത് -90000 | 277മീറ്റർ നീളം റീടാറിംഗ് |
| 13 | അയ്യപ്പൻകാവ് തീരദേശറോഡ് ടാറിംഗ് (206/16) | 500000 | 400000 | MG- 100000 തനത് -100000 പ്ലാൻഫണ്ട് - 100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 200000 | 75 മീറ്റർ നീളം മെറ്റലിംഗ്, 555മീറ്റർ നീളം ടാറിംഗ് |

| | | | | | |
|---|---|---|---|---|---|
| 14 | ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിന്റെയും ഹോമിയോ ഡിസ്പൻറിയുടെയും നവീകരണം (209/16) | 519000 | 514726 | ലോക ബാങ്ക് സഹായം - 519000 | |
| 15 | പനങ്കുന്നത്തുകാവ് കുടിവെള്ളപദ്ധതി (210/16) | 499986 | 449986 | ലോക ബാങ്ക് സഹായം - 449986 മറ്റുള്ളവ - 50000 | |

1) മേൽപ്പറഞ്ഞതിൽ ക്രമ നം. 7 ന് 360 മീറ്റർ നീളം മെറ്റലിംഗ് ചെയ്തെങ്കിലും 203മീറ്റർ നീളം മാത്രമാണ് ടാറിംഗ് ചെയ്തിരിക്കുന്നത്. മെറ്റലിംഗ് ചെയ്തതത്രയും റോഡ് ടാറിംഗ് ചെയ്യാതെ ഒഴിവാക്കി അടങ്കൽ തുക കുറച്ചു.

2) ക്രമ നം.3,12 എന്നിവ ഒരേ റോഡിന്റെ വിവിധ ഭാഗങ്ങൾ മാത്രമാണ്. ഇവ ഒന്നായി ചെയ്യുന്നതിന് പകരം രണ്ട് പ്രോജക്ടായി ചെയ്തു.

3) ക്രമ നം.6,13 എന്നിവ ഒരേ റോഡ് തന്നെയാണന്ന് കാണുന്നു. ഇവയും രണ്ട് പ്രോജക്ടായി ചെയ്തിരിക്കുന്നു.

4) ക്രമ നം.15 പനങ്കുന്നത്തുകാവ് കുടിവെള്ളപദ്ധതി 2014-15 വർഷത്തിൽ 5,50,000/- രൂപയായി അടങ്കൽ വെച്ച പ്രവൃത്തിയായിരുന്നു. സ്പിൽഓവറായി 2015-16 ൽ പ്രോജക്ട് വെച്ചപ്പോൾ അടങ്കൽ തുക 4,99,986 രൂപയായി കുറച്ചതായി കാണാം. അടങ്കൽ തുക 5 ലക്ഷത്തിന് മുകളിലുള്ള 12 പ്രോജക്ടുകൾ 2014-15 വർഷത്തിലും 26 പ്രോജക്ടുകൾ 2013-14 വർഷത്തിലും നടപ്പാക്കിയിട്ടുണ്ട്. അതേസമയം 2015-16 ൽ 5 ലക്ഷത്തിന് മുകളിൽ അടങ്കൽ തുക വെക്കാമായിരുന്ന പ്രോജക്ടുകളാണ് മേൽപ്പറഞ്ഞത്. എന്നാൽ ഇ-ടെണ്ടർ ഒഴിവാക്കുന്നതിന് മാത്രമാണ് ഇപ്രകാരം ചെയ്തതെന്ന് കാണാം. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം മുഴുവൻ മരാമത്ത് പണികളുടെയും നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികൾ മുഖേനയാണ്. 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും 12-ാംപദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരണം, സാങ്കേതിക വിദഗ്ധനെ നിയോഗിക്കൽ, മസ്റ്റർ റോൾ സൂക്ഷിപ്പ്, നിർമ്മാണ സാധനങ്ങൾ വാങ്ങൽ, യോഗം ചേരൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു. ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1) 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാൻഡ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ പാസ് മുഖേന പ്രവൃത്തികൾക്ക് മണൽ

ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ സിമന്റ്,കമ്പി,ടൈൽസ് ഒഴികെയുള്ള നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന് വെള്ള കടലാസിൽ എഴുതിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മാത്രമല്ല സിമന്റ്, കമ്പി, ടൈൽസ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ വാറ്റ് ബില്ലുകൾ അല്ല. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർമാർക്ക് ബിൽ തുക നൽകിയത്.

2) ഗുണഭോക്തൃ സമിതികളുടെ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക സംഘാടന പരിചയവും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. സമിതികളുടെ കൺവീനർമാരാരും മൊബിലൈസേഷൻ അഡ്വാൻസ് സ്വീകരിക്കുകയോ പ്രവർത്തികളുടെ പാർട്ട് ബിൽ പേയ്മെന്റ് ആവശ്യപ്പെടുകയോ ചെയ്യുന്നില്ല എന്ന് കാണുന്നു. സമിതികളുടെ പ്രവർത്തനത്തിൽ ബാഹ്യനിയന്ത്രണം വരാതിരിക്കാൻ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാവേണ്ടതാണ്.

3) ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ഒരേ വ്യക്തികൾ തന്നെ വിവിധ പ്രവൃത്തികളുടെ കൺവീനർമാരായിരിക്കുന്നു. ഉദാ. പാഞ്ഞാൾ റോഡ് റീടാറിംഗും അറ്റകുറ്റപ്പണികളും (173/16), ഓട്ടുപാറകുന്ന് കോളനി കുടിവെള്ളപദ്ധതി (116/16) എന്നീ പ്രവൃത്തികളുടെ കൺവീനർ ഒരാൾതന്നെയാണ്. മറ്റു പല പ്രവർത്തികളിലും ഇപ്രകാരം ഒരാൾതന്നെയാണ് കൺവീനർ ആയിരിക്കുന്നത് എന്നു കാണുന്നു. ഇത് ശരിയായ നടപടിയല്ല.

5) ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

6) മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തിയതി രേഖപ്പെടുത്തി ഒപ്പ് വെയ്പ്പിക്കുകയോ ചെയ്യുന്നില്ല.

7) പ്രവൃത്തിയുടെ കൺവീനർ എന്ന കപ്പാസിറ്റിയിൽ പാൻകാർഡ് എടുക്കാത്തപക്ഷം കൺവീനറിൽ നിന്നും 20% ആദായനികുതി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ 1% ആദായനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

8) പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായി വരുന്ന എല്ലാ പണമിടപാടുകളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് നടത്തേണ്ടതെങ്കിലും, സാധനങ്ങളുടെ വില നൽകിയതും മറ്റും അപ്രകാരമല്ല. ബാങ്ക് അക്കൌണ്ടിൽ, പഞ്ചായത്ത് ഫൈനൽ ബിൽ പ്രകാരം നല്കിയ തുകയുടെ ഇടപാട് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9) ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല. ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ ഇപ്രകാരമല്ലാതെയും തുക നൽകിയിട്ടുണ്ട്. ഉദാ. പടിഞ്ഞാറൻ കുന്ന് വൃദ്ധസദനം പൂർത്തീകരണം എന്ന പ്രോജക്ടിന്റെ ഫൈനൽ ബില്ല് പ്രകാരമുള്ള ചെലവ് 1,97,798/- രൂപ സമിതിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സമിതി ഹാജരാക്കിയ ചെലവ് 1,90,035/- രൂപ മാത്രമാണ്. സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) മോണിറ്ററിംഗ് നടത്തുന്നില്ല. ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയതി16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. പൊതുമരാമത്ത്

പ്രവൃത്തികളുടെ മോണിറ്ററിംഗ് പൊതുമരാമത്ത് എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവഹിക്കേണ്ടത്. എന്നാൽ ഈ രീതിയിലുള്ള മോണിറ്ററിംഗ് 2015-16 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടെയും നിർവഹണത്തിൽ നടന്നിട്ടില്ല. പലപ്പോഴും മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

11) പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്‌പ്ലേ ബോർഡുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഒരു പ്രവൃത്തികളിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മിറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 നം. സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ഉടമ്പടി ഒപ്പു വച്ചു നൽകിയിട്ടും അവ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ തുക അനുവദിച്ചതിനും, നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-10 ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല

2015-16 വർഷം നടപ്പാക്കിയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ DAR with cost index നിരക്ക് അടിസ്ഥാനമാക്കിയാണ്. ടാറിംഗ്, റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുമ്പോൾ DAR നിരക്കും കൂടെ Observed data പ്രകാരമുള്ള നിരക്കും ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ടാറിംഗ്, റീടാറിംഗ് പ്രവൃത്തികളുടെ ആദ്യത്തെ 3 ഇനങ്ങൾ സ്റ്റാക്കിങ്ങ്, പോട്ട് ഹോൾ ഫില്ലിംഗ്, ലെവലിംഗ് കോഴ്സ് എന്നീ പ്രവൃത്തികൾ DAR പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല. DAR പ്രകാരം മേല്പ്പറഞ്ഞ ഇനങ്ങൾ ആവശ്യമില്ലാത്തതാണ്. എന്നാൽ Observed data പ്രകാരമുള്ള നിരക്ക് ഉപയോഗിച്ച് ഈ ഇനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ടാറിംഗിൽ tack coat using, premix carpet, seal coat എന്നീ 3 ഇനങ്ങൾ ചെയ്യുന്നതിനു മാത്രമാണ് വ്യവസ്ഥയുള്ളത് എന്നിരിക്കെ ആവശ്യമില്ലാത്ത പ്രവൃത്തികൾ കൂടി ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 ടാർ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 275/2008/ത.സ്വ.ഭ.വ,തീയതി 13-10-2008 പ്രകാരം മരാമത്ത് പണികൾക്കാവശ്യമായ ബിറ്റുമിൻ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതു മേഖല എണ്ണ കമ്പനികളിൽ നിന്ന് വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചില നിബന്ധനകൾക്ക് വിധേയമായി സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനും സർക്കാർ അനുമതിയുണ്ട്. ( 14-04-2010 ലെ സർക്കാർ ഉത്തരവ് നമ്പർ(ആർ.ടി )1320/2010/ത.സ്വ.ഭ.വ )

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതി കൺവീനർമാർ ബിറ്റുമിൻ വാങ്ങിയത് എവിടെനിന്നാണെന്ന് വ്യക്തമാക്കുന്ന ബില്ല് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതികൾ എത്ര ടാർ ഉപയോഗിച്ചുവെന്നും അത് എങ്ങനെ ലഭ്യമാക്കി എന്നുമുള്ള കാര്യങ്ങൾ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇക്കാര്യങ്ങൾ

വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല. ഗുണഭോക്തൃ സമിതിക്ക് കുറഞ്ഞ വിലക്ക് ടാർ ലഭ്യമാവുന്നത് കണക്കിലെടുക്കാതെ, എസ്റ്റിമേറ്റിൽ കണക്കാക്കിയ നിരക്കിൽ തുക അനുവദിച്ചതിനാൽ, ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തി കൊണ്ട് ലക്ഷ്യമാക്കുന്ന അടിസ്ഥാന ലക്ഷ്യമായ ചെലവു ചുരുക്കൽ (ലാഭം) പഞ്ചായത്തിനു നഷ്ടപ്പെട്ടിരിക്കുകയാണ്. ഈയിനത്തിൽ വൻതുക പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. അളവുപുസ്തകത്തിൽ മെറ്റലിന്റെ അളവ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എങ്കിലും ടാറിന്റെ ഉപയോഗം സംബന്ധിച്ച് സാക്ഷ്യപ്പെടുത്തലില്ല. ടാറിന്റെ ഉപയോഗം സംബന്ധിച്ച് അതിന്റെ അളവ്, ഗുണനിലവാരം എന്നിവ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 അധിക നിരക്ക് അനുവദിച്ചത്

റോഡ് പ്രവർത്തികളിൽ Filling with contractors own earth എന്ന ഇനത്തിന് 0-5 പ്രകാരമുള്ള കൂടിയ നിരക്കായ $1m^3$ ന് 345/- എന്ന നിരക്കാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ റോഡ് പ്രവൃത്തികളിൽ മണ്ണ് ഫില്ലിംഗ് ചെയ്യുന്നതിന് ഇനം 0-6 ന്റെ നിരക്കായ $231/1m^3$ എന്നത് മതിയാകുന്നതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, അടങ്കൽ | ചെലവ് | കൺവീനർ, MB, ഇനം | ചെയ്ത അളവ്,നിരക്ക് | ആവശ്യമായ അളവ്,നിരക്ക് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | കാരാത്ത്പടി പൊതുവാള ശ്ശേരികുളമ്പ് റോഡ് (36/16) 220000 | 2,00,000 20/15-16, 13.8.15 | വിനു.സി.ബി 24/15-16, ഇനം 4 | $78.73m^3$X$345/1m^3$ = 27161.85 | $78.73m^3$X$231/1m^3$ = 18186.6 | 8975 |
| 2 | ആശാരിപ്പടി തോട്ടച്ചാൽ സൈഡ് സംരക്ഷണം (61/16) 100000 | 1,00,000 27/15-16, 25.8.15 | അരവിന്ദാക്ഷൻ 26/15-16ഇനം 3 | $58.65m^3$X$345/1m^3$ =20234 | $58.65m^3$X$231/1m^3$ =13548 | 6686 |
| | ആകെ | | | | | 15,661/- |

ക്രമ നം. 1 പ്രോജക്ടിന്റെ detailed എസ്റ്റിമേറ്റിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ $345/1m^3$ എന്ന നിരക്ക് വെട്ടി പകരം $231/1m^3$ എന്ന് ചേർത്തിട്ടുണ്ട്. എങ്കിലും കൂടിയ നിരക്കിൽ തന്നെയാണ് നിർവഹണോദ്യോഗസ്ഥൻ പേയ്മെന്റ് നൽകിയിരിക്കുന്നത്. അധികനിരക്ക് നൽകിയതിന് വിശദീകരണം നല്കേണ്ടതാണ്. അതുവരെ ഈ ഇനത്തിൽ അധികം നടത്തിയ 15661/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം

പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നംപർ സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് സംബന്ധിച്ച്

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. ഇതനുസരിച്ച് ചെയ്യേണ്ട പ്രവൃത്തി ചുവടെ ചേർക്കുന്നു.

Cement concrete 1:2:4 (1 cement ,2 coarse sand, 4 graded aggregate 40 mm nominal stone) in pavements,laid to required slope and camber in panels as required including consolidation,finishing and tamping complete...

എന്നാൽ ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്നത് DAR ലെ 4.1.3, 4.1.8, എന്നീ ഇനങ്ങളാണ്. 4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തുകയും അതിനു മുകളിൽ 4.1.3 അനുസരിച്ച് 1:2:4 എന്ന അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തുകയും ചെയ്തുവരുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് നിശ്ചിത സ്പെസിഫിക്കേഷൻ (16.42) ഉപയോഗിക്കാത്തത് ഗുണനിലവാരക്കുറവിന് ഇടയാക്കുകയും അധിക ചെലവ് വരുന്നതിന് കാരണമാവുകയും ചെയ്യുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 പ്രകാരം നിർവ്വഹിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ എണ്ണം കൂടുതൽ

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 146 പ്രോജക്ടുകളിൽ 56 എണ്ണവും ഒന്നര ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ മുപ്പത് മീറ്റർ മുതൽ അൻപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. ഇപ്രകാരം ഭാഗികമായി പ്രവർത്തി നടത്തുന്നത് ഭാഗികമായി മാത്രം ലക്ഷ്യം കാണുന്നതിനേ ഉപകരിക്കു എന്ന് ഓർമിപ്പിക്കുന്നു. പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു. നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ഓഡിറ്റ് വർഷം 28 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു.

പദ്ധതി പ്രവർത്തനത്തിന്റെ മൊത്തം അടങ്കൽ തുക 6.12കോടി രൂപയാണെങ്കിൽ 3.19 കോടി രൂപ അടങ്കലുള്ള പ്രവർത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കുന്നത്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന LSGD എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ

ഒതുങ്ങിനിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. ഇപ്രകാരം പ്രോജക്ടുകളുടെ എണ്ണം കൂട്ടി ഭാഗികമായി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

## 3-16 പൂർണ്ണമായും ഉപയോഗയോഗ്യമാകാത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകൾ

മുൻവർഷങ്ങളിലും തൻവർഷവും ആരംഭിച്ച് നാളിതുവരെ പൂർത്തീകരിക്കാത്തതും ഉപയോഗയോഗ്യമാകാത്തതുമായ കെട്ടിട നിർമ്മാണ പ്രോജക്ടുകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | 14-15 വരെ ചെലവ് | 15-16 ലെ ചെലവ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | പടിഞ്ഞാറൻകുന്ന് വൃദ്ധസദനം പൂർത്തീകരണം | അസി. എഞ്ചിനീയർ | 200000 | 151745 | 197798, 68/15-16, 10.12.15 | വയറിംഗ്, സാനിട്ടേഷൻ എന്നിവ പൂർത്തി യായിട്ടില്ല. |
| 2 | " | " | 173255 | - | 156739, 2150018/ 30.10.15 | |
| 3 | സ്കൂൾപടി കോളനി വൃദ്ധസദനം | " | 56500 | - | 56000 | പ്രവൃത്തി പൂർത്തി യായെങ്കിലും തുറന്ന് കൊടുത്തിട്ടില്ല |
| 4 | പഞ്ചായത്ത് കോമ്പൗണ്ട് വൃദ്ധസദനം | " | 100000 | 96241 | - | |
| 5 | അയ്യർമാപറമ്പ് വൃദ്ധസദനം | " | 200000 | 200000 | - | - |
| 6 | ടോയ് ലറ്റ് ബ്ലോക്ക് | " | 519000 | - | 514726, 51500543/ 8.10.15 | വെള്ളം ലഭ്യമായിട്ടില്ല |

ക്രമ നംപർ 1, 4 എന്നിവയ്ക്ക് ടിവി,കട്ടിൽ, കസേരകൾ മുതലായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിക്കുകയോ തുറന്ന് പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. അതിനാൽ ധനവിനിയോഗത്തിന്റെ ഫലപ്രാപ്തി ലഭ്യമാകാതെ പോവുന്നു.

## 3-17 പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കണം

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രോജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി

കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. 2013-14 ൽ ആരംഭിച്ച് 2015-16 വർഷത്തിൽ പൂർത്തിയാക്കിയതും 2015-16 വർഷത്തിൽ പൂർത്തിയാക്കാതെ തുടരുന്നതുമായ കുടിവെള്ള പദ്ധതികൾ കാണുന്നുണ്ട്. വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽകിണർ കുഴിക്കുന്നതിനായി മാത്രമുള്ള പ്രോജക്ടുകളും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഭാഗികമായി മാത്രം വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്. കുഴൽകിണറുകൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നവിധത്തിൽ തുടർപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 വാർഷിക പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കി പ്രോജക്ട് നിർദ്ദേശങ്ങളിൽ ഗൗരവതരമായ പരിശോധന ഉറപ്പുവരുത്തുന്നതിലും പരിശ്രമമുണ്ടാകുന്നില്ലായെന്ന് കാണുന്നു.

മുൻവർഷങ്ങളിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതിലും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതിലും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കാര്യമായ ചുമതലകൾ നിറവേറ്റാനുണ്ട്. ബന്ധപ്പെട്ട മിനിട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ വർഷത്തിൽ ഒരു തവണ മാത്രമാണ് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുള്ളതെന്നും ഇതിൽതന്നെ രണ്ട് ഗ്രൂപ്പുകൾ ഒഴികെ ബാക്കിയൊന്നിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്നും കാണാവുന്നതാണ്. പദ്ധതികൾ നിർദ്ദേശിച്ച് തുടർന്നുള്ള ഘട്ടത്തിലോ മോണിറ്ററിങ്ങിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്നിട്ടില്ലായെന്നും കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ സുതാര്യതയും ബഹുജനപങ്കാളിത്തവും ഉറപ്പു വരുത്താനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

## 3-19 കുറ്റിക്കാട്ടുത്തൊടി കോളനി റോഡ് അഭിവൃദ്ധിപ്പണി - അപാകതകൾ

പ്രോജക്ട് നം - (46/16)

അടങ്കൽ - 200000 (MG)

ചെലവ് - 2,00,000/-, 43/15-16,30.9.15

അളവുപുസ്തകം - 39/15-16

കൺവീനർ - പ്രസാദ്

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ക്വാറി വേസ്റ്റ്, മണ്ണ് എന്നിവ നിറച്ച് റോഡ് ഉയർത്തലാണ്. കൺവീനർ ഹാജരാക്കിയ ബില്ല് പ്രകാരം ക്വാറി വേസ്റ്റിന് 108000 രൂപയും മണ്ണിന് 60000 രൂപയും മസ്റ്റർ റോൾ പ്രകാരം കൂലിയായി 31500 രൂപയും ചെലവായതായി കാണുന്നു. എന്നാൽ അസി.എഞ്ചിനീയർ അളവെടുത്തു ഫൈനൽ ബില്ലിൽ രേഖപ്പെടുത്തിയതു പ്രകാരം $151.65m^3$ ക്വാറി വേസ്റ്റ്

നിറച്ചതിന് 167573 രൂപയും 103.95$m^3$ മണ്ണ് നിറച്ചതിന് 24012 രൂപയും ഉൾപ്പെടെ 191,585/- രൂപയാണ് ചെലവ്. കൺവീനർ ഹാജരാക്കിയ കണക്കും അസി.എഞ്ചിനീയർ തയ്യാറാക്കിയ കണക്കും തമ്മിൽ ആകെ ചെലവിൽ കാര്യമായ വ്യത്യാസം ഇല്ലെങ്കിലും പൊരുത്തക്കേട് കാണുന്നു. മസ്റ്റർ റോൾ പ്രകാരം കൂലിയായി 31500 രൂപയാണ് കണക്കാക്കിയിരിക്കുന്നത് എങ്കിലും മസ്റ്റർ റോൾ പരിശോധനയിൽ 10 പേർക്ക് 7 ദിവസം 450 രൂപ പ്രകാരം കണക്കാക്കിയതിൽ ഒരു ദിവസം ഒരാൾ കുറവുള്ളതിനാൽ 31050 രൂപയാണ് യഥാർത്ഥത്തിൽ ചെലവ് കാണുന്നത്.

ടി പ്രവൃത്തിയിൽ ക്വാറി വേസ്റ്റ്, മണ്ണ് എന്നിവ ഇത്ര ലോഡ് ഇറക്കി എന്നു പറയുമ്പോൾ എത്ര m3 അളവ് കയറ്റാൻ പറ്റുന്ന ലോറിയാണെന്നോ, കൺവീനർ പറയുന്ന ലോഡ് എത്രm3 അളവ് ഉണ്ടായിരുന്നുവെന്നോ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 108000 രൂപയ്ക്ക് ലഭ്യമായ ക്വാറി വേസ്റ്റ് റോഡിൽ നിരത്തിയതിന് കൂലി ഉൾപ്പെടെ 167573/- രൂപ കൺവീനർക്ക് ലഭ്യമാവുന്നുണ്ട്. 60000 രൂപയ്ക്ക് മണ്ണ് വാങ്ങിയതായി പറയുന്നുവെങ്കിലും എസ്റ്റിമേറ്റിൽ പറയുന്നതിലും കൂടുതൽ അളവിൽ (എസ്റ്റിമേറ്റ് -99m3, ചെയ്തത് 103.95$m^3$) പ്രവർത്തി ചെയ്തതിന് 24012/- രൂപയേ ചെലവ് ഉള്ളൂ. ഇക്കാര്യങ്ങൾക്ക് നിർവഹണോദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതും തെറ്റായി കൂടുതൽ തുക കൺവീനർക്ക് നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-20 വരൾച്ച ദുരിതാശ്വാസ പദ്ധതി - അപാകതകൾ

വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി 35 കുടിവെള്ളപദ്ധതികൾ നടപ്പാക്കുന്നതിന് ജില്ലാ കളക്ടറുടെ 16.3.2015 തിയതിയിലെ K-2-2000/15 നംപർ ഉത്തരവ് പ്രകാരം തുക പാസ്സായതായി കാണുന്നു. 23.4.15 ലെ 1(8) നംപർ തീരുമാനത്തിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായും കാണുന്നു. 13.5.15 ലെ ഭൂജലവകുപ്പ് ജില്ലാഓഫീസറുടെ നം. DGT/653/2015 കത്ത് പ്രകാരം 17 കുഴൽകിണർ കുഴിക്കുന്നതിന് സ്ഥാനനിർണ്ണയം നടത്തി റിപ്പോർട്ട് ലഭിച്ചത് ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ യീൽഡ് ടെസ്റ്റ് നടത്തിയിട്ടില്ല. 25.2.16 ലെ 3(1)തീരുമാനത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്നതിനാൽ എഗ്രിമെന്റ് വെക്കുന്നതിന് മുമ്പേതന്നെ ഗുണഭോക്തൃസമിതികൾ പ്രവൃത്തി ആരംഭിച്ചതായി പറയുന്നു. എന്നാൽ ഗുണഭോക്തൃസമിതികൾ രൂപീകരിച്ചതിന്റെ രേഖകൾ ഇല്ല.

അസി.എഞ്ചിനീയറുടെ കത്തിൽ ഓഫീസിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് പ്രവൃത്തി ആരംഭിച്ചതെന്നും അതുകൊണ്ട് കുഴൽകിണറിന്റെ നിർമ്മാണം പൂർത്തിയായ പ്രവൃത്തിയിൽ ആയതിന്റെ ആഴം കണക്കാക്കുന്നതിന് സാധ്യമല്ല എന്നും നടപ്പാക്കിയ സ്ഥാപനത്തിൽ നിന്നും ആയതിന്റെ വ്യാസം,ആഴം എന്നിവ വ്യക്തമാക്കി യഥാർത്ഥബിൽ ഹാജരാക്കേണ്ടതാണ് എന്നും അത് ലഭ്യമായാൽ മാത്രമേ അളവുപുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്താൻ സാധിക്കൂ എന്നും പറയുന്നു. അതിനാൽ നാളിതുവരെ ഇപ്രകാരം നടപ്പാക്കിയ പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകിയിട്ടില്ല എന്നും കാണുന്നു. ഈ പ്രവൃത്തിയുടെ തുടർച്ചയായാണ് 2015-16 വർഷത്തിൽ ഓട്ടുപാറക്കുന്ന് കുടിവെള്ള പദ്ധതി നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം കുഴൽകിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, ടാങ്ക്, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നിവ ഉണ്ടെങ്കിലും എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പൈപ്പുകൾ സ്ഥാപിക്കൽ മാത്രമാണ് ഉള്ളത്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരം പൈപ്പുകൾ സ്ഥാപിക്കൽ, ഫെറോസിമന്റ് പമ്പ് ഹൗസ് , കറന്റ് കണക്ഷൻ എന്നിവ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വരുന്ന പ്രോജക്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല. വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി എത്ര കുടിവെള്ളപദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്, എത്ര കുഴൽകിണർ കുഴിച്ചിട്ടുണ്ട്, ചെലവ് തുക, കരാർ നടപടികൾ തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-21 തനത് ഫണ്ട് പ്രോജക്ട് തയ്യാറാക്കൽ -സർക്കാർ ഉത്തരവ് പാലിച്ചില്ല

2015-16 ലെ തനത് ഫണ്ട് വരവ് സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| നികുതി വരവുകൾ | 22,97,618 |
| നികുതിയേതര വരവുകൾ | 4,23,956 |
| മറ്റു വരവുകൾ | 34,695 |
| ആകെ വരവ് | 27,56,269 |

2015-16 ലെ തനത് ഫണ്ട് പ്രോജക്ടുകൾ സംബന്ധിച്ച വിവരം (IKM സ്റ്റേറ്റ്മെൻറ് പ്രകാരം ഉള്ളത്)

ആകെ അടങ്കൽ -1,36,02,918/-

ചെലവ് – 11,66,266/-

തൻവർഷത്തിൽ തനത് ഫണ്ടിനത്തിലുള്ള വരവ് ആകെ 27,56,269/-രൂപയാണ്. സർക്കാർ നിർദ്ദേശ പ്രകാരം ആകെ വരവിൽ ശമ്പളം, ഹോണറേറിയം, യാത്രാബത്ത, ഡെപ്പോസിറ്റുകൾ എന്നിവ കുറച്ച് മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം തുകയ്ക്ക് മാത്രമേ പ്രോജക്ട് വയ്ക്കാൻപാടുള്ളൂ. ആയത് ഭരണസമിതിയെ അറിയിക്കേണ്ട ചുമതല നിർവ്വഹണോദ്യോഗസ്ഥനാണ്. അധിക തുകയ്ക്ക് പ്രോജക്ട് വച്ചത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനവും, ദീർഘവീക്ഷണമില്ലായ്മയുമാണ്. വിശദീകരണം നൽകേണ്ടതാണ് (എൻക്വയറി നം 14/15.11.16)

## 3-22 ലൈബ്രറി സെസ്സ് - സമയബന്ധിതമായി അടവാക്കിയില്ല

2014-15 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക 1,49,811/- രൂപ ഗ്രാമ പഞ്ചായത്തിൽ നിന്നും കേരള സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത് 17.11.2015 ലാണ്.(വൗച്ചർ നം.21500677) ആയതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധവർഷവും അവസാനിച്ച് 30ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ അടവാക്കണമെന്നും ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണെന്നും 20-9-05ലെ 10088/L3/05/LAD നമ്പറിലുള്ള സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. സർക്കാർ നിർദ്ദേശം കണിശമായി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് -കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്ന തുക പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ മുഴുവൻ ഡിമാന്റ് ഡ്രാഫ്റ്റുകളും ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തതായി കാണുന്നുവെങ്കിലും തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നം.166/16 പ്രകാരം 2015-16 വർഷത്തിൽ ഒരു പ്രിന്റർ (12640), സെർവർ (143500) എന്നിവ 1,56,140/- രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയിട്ടുണ്ട്. ബിൽനം. 2/15-16, 29-6-15, 42/15-16, 23-3-2016. സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടറുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ഉണ്ടെങ്കിലും നിശ്ചിത മാതൃകയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. അതിനാൽ തന്നെ എല്ലാ വിവരങ്ങളും ടി രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-25 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

സർക്കാരിന്റെ 51/03 ത.സ്വ.ഭ.വ തീയ്യതി 22.02.2003 ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003ലെ കേരളാ പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിന് ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ഡെപ്പോസിറ്റ് വർക്ക് - പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ചേലക്കര കെഎസ്ഇബി അസി.എഞ്ചിനീയറുടെ ഓഫീസിൽ 2,15,560/- രൂപ 25.7.2013 ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് കെഎസ്ഇബിക്ക് കത്ത് നൽകാവുന്നതാണ്.

## 3-27 അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്ഷിച്ചിട്ടില്ല

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനങ്ങൾ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ

അവതരിപ്പിക്കേണ്ടതുമാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-28 സർക്കാർ മാർഗ്ഗനിർദേശപ്രകാരമുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസി.സെക്രട്ടറി എന്നിവർ നടപ്പാക്കിയ ഭവന റിപ്പയർ, ഭവന നിർമ്മാണം എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് സർക്കാർ മാർഗ്ഗനിർദേശപ്രകാരമുള്ള സബ്സിഡി നൽകിയിട്ടില്ല. 2015-16 വർഷം ഭവന റിപ്പയർ, ഭവന നിർമ്മാണം എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നതും അനുവദിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | അനുവദി ക്കാവുന്നതുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ഭവന നിർമ്മാണം (ജനറൽ) | 200000 | 100000 |
| 2 | ഭവന റിപ്പയർ (എസ്.സി) | 25000 | 15000 |
| 3 | ഭവന റിപ്പയർ(ജനറൽ) | 25000 | 10000 |

മാർഗ്ഗരേഖ ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും സർക്കാർ നിശ്ചയിച്ചതു പ്രകാരമുള്ള തുക കൊടുക്കാതിരിക്കുന്നത് ശരിയല്ല. ഗ്രാമസഭയിൽ ലഭിക്കുന്ന അപേക്ഷപ്രകാരം ആവശ്യകത അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വർഷാവർഷം പ്രോജക്ട് നടപ്പാക്കുന്നതിന് പകരം തുക കുറച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിന് ഭരണസമിതി എടുക്കുന്ന ഇത്തരം തീരുമാനങ്ങൾ ശരിയല്ല എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2015-16 വർഷത്തെ വിവരങ്ങൾ താഴെചേർക്കുന്നു.

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 2,31,49,284 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 2,19,66,870 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 2,19,64,949 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 1,921 |
| 6 | 2015-16 വർഷത്തിൽ | 455 |

| | | |
|---|---|---|
| | വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 348 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2986 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 103721 | 4473 | 108194 |

| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 31935 | 0 | 76259 | 108194 |

| | | |
|---|---|---|
| 11 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1947 |
| 12 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 166 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | 0 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 2,09,67,933 |
| 15 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 3 works |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 4/2015,9/2015 |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ | പദ്ധതികൾ ഉൾപ്പെടുന്ന | നടപ്പിലാക്കിയ | ചെലവഴിച്ച |
|---|---|---|---|

| നം | വിഭാഗം | പദ്ധതികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 106 | 95,91,401 |
| 2 | വരൾച്ച തടയൽ , വനവത്കരണം | - | - |
| 3 | ചെറുകിട ജലസേചനം | 17 | 18,09,644 |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 172 | 10,25,340 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 65 | 34,84,629 |
| 6 | ഭൂവികസനം | 66 | 41,42,276 |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 29 | 12,95,994 |
| 8 | മറ്റുള്ളവ | - | - |
| 9 | ആകെ | 455 | 2,13,49,284 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 5,000 |

| | |
|---|---|
| സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ദി തൃശ്ശൂർ കോ.-ഓപ്പ്. സ്പിന്നിംഗ് മിൽ, വിരുപ്പാക്ക, സർട്ടിഫിക്കറ്റ് നമ്പർ :095 തിയ്യതി:05-07-2001 | 5000 |
| ആകെ | 5,000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹12,721/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-3 | 12,721 | ശ്രീ.സുരേഷ്കുമാർ, ഡയറി ഫാം ഇൻസ്പക്ടർ | 11502103399 തിയ്യതി: 08-03-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2.6 | 2014-15 | 4.2.6 | ഇ മണൽ ഓൺലൈൻ സംവിധാനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹46496283/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,53,04,002/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹10,627 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,96,090 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1-2 | | 1,000 | ഡോ. സുനിൽകുമാർ<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 2-1 | 10627 | | ശ്രീ.കെ.പി. സജീവ്.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-1 | 3,20,000 | ഡോ. സുനിൽ കുമാർ<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-2-3 | 20459 | ശ്രീമതി. മിനി.പി.കെ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | 40000 | ശ്രീ.സജി എബ്രഹാം,വി.ഇ.ഒ |
| 3-12 | 15661 | ശ്രീമതി. നിമിഷ.വി.കൃഷ്ണൻ<br>അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-6 സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം-9,498/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക:3-1-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.പി. സജീവ്.<br><br>സെക്രട്ടറി | 29-02-2016 വിരമിച്ചു | കുഴിപറമ്പിൽ വീട്,ചൈന ബസാർ,മുളംകുന്നത്തുകാവ് |
| ഡോ. സുനിൽ കുമാർ<br><br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പാഞ്ഞാൾ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പാഞ്ഞാൾ | മ്യൂസിയം റോഡ്, ക്രോസ് ലൈൻ, ചെമ്പൂക്കാവ്,തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 66-67 | എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72 | 1 |
| 67-68 | എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72 | 1 |
| 68-69 | എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72 | 5 |

| | | |
|---|---|---|
| 70-71 | എൽ.എഫ്.ഇ3(1) 2094/74 / തീയതി 20.09.94 | 14 |
| 71-72 | എൽ.എഫ്.ഇ3(1) 3030/73 / തീയതി 24.09.93 | 16 |
| 72-73 | എൽ.എഫ്.ഇ3(1) 3960/74 / തീയതി 18.11.74 | 14 |
| 73-74 | എൽ.എഫ്.ഇ3(1) 6990/75 / തീയതി 11.01.75 | 20 |
| 74-75 | എൽ.എഫ്.ഇ3(1) 5821/76 / തീയതി 08.06.76 | 6 |
| 78-79 | എൽ.എഫ്.ടി.10- 1215/81/16.08.81 | 15 |
| 80-81 | എൽ.എഫ്.ടി.10- 695/82/17.09.82 | 24 |
| 81-82 | എൽ.എഫ്.ടി.10- 307/82/26.03.84 | 25 |
| 82-83 | എൽ.എഫ്.ടി.10- 356/85/06.06.85 | 16 |
| 84-85 | എൽ.എഫ്.ടി.10- 1196/87/02.12.85 | 19 |
| 85-86 | എൽ.എഫ്.ടി.10- 703/90/06.06.90 | 15 |
| 86-87, 87-88 | എൽ.എഫ്.ടി.10-906/90/24.09.90 | 24 |
| 88-89, 89-90 | എൽ.എഫ്.ടി.10- 1161/92/18.11.92 | 26 |
| 90-91 | എൽ.എഫ്.ടി.10- 1170/95/20.05.95 | 27 |
| 91-92 | എൽ.എഫ്.ടി.10- 1800/94/03.07.95 | |
| 92-93, 93-94 | എൽ.എഫ്.ടി.10- 1800/93/20.11.93 | |
| 96-97 | എൽ.എഫ്.ടി.10- 2138/95/20.08.96 | |
| 97-98 | എൽ.എഫ്.ടി.10- 552/98/15.02.99 | |
| 98-99 | എൽ.എഫ്.ടി.12- 997/98/15.02.99 | |
| 99-2000, 2000-01, 01-02 (ജനകീയാ സൂത്രണം) | എൽ.എഫ്.ടി.10-1085/94/31.01.04/ 12.07.04 | |
| 99-2000 | എൽ.എഫ്.ടി.10- 1480/07/31.01.04 /12.07.04 | |
| 00-01 | എൽ.എഫ്.ടി.10- 1479/31.01.04 /12.07.04 | |
| 01-02 | എൽ.എഫ്.ടി.10- 1478/31.01.04 /12.07.04 | |
| 02-03 | എൽ.എഫ്.ടി.10- 1477/07/02.08.08 /03.10.08 | |

| | | |
|---|---|---|
| 03-04 | എൽ.എഫ്.ടി.10- 1468/08/28.05.10 | |
| 04-05 | എൽ.എഫ്.ടി.10- 1469/28.05.10 /30.07.10 | |
| 05-06 | എൽ.എഫ്.ടി.10- 2288/09/21.01.11 | |
| 06-07 | എൽ.എഫ്.ടി.10- 2288/09/21.01.11 /02.07.11 | |
| 07-08 | എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12 | |
| 08-09 | എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12 | |
| 09-10 | എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12 | |
| 10-11 | എൽ.എഫ്.ടി.(പി.4)-544/12 തീയതി 02.06.12/06.08.12 | |
| 11-12 | എൽ.എഫ്.ടി.(പി.4)-2037/13 തീയതി 13.03.14/07.04.14 | |
| 12-13 | എൽ.എഫ്.ടി.(പി.4)-1902/14 തീയതി 07.04.15/03.06.15 | |
| 2013-14 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1688/15 തീയതി, 15/12/2015 | |
| 2014-15 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1156/16 തീയതി,14-07-2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.4)2038/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി : 16.12.2016

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No. KSA-TSR(P4)2038/2016

Kerala State Audit Department

District Audit Office, Thrissur

PIN- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 16.12.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Panjal Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Panjal Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office
Thrissur